ന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത റിട്ട് അപ്പീലിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി വിധിയുണ്ടായത്.

(സി) ഉണ്ട്. റിപ്പോർട്ട് 31.3.2000-നകം സമർപ്പിക്കാനാണ് നിർദ്ദേശം.

(ഡി) ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ നിയോഗിച്ച പരിശോധനാ സംഘം നഗരസഭാ ഓഫീസിലെ ബന്ധപ്പെട്ട രേഖകളുടെ പരിശോധന പൂർത്തിയാക്കി.

നെടുമങ്ങാട് നഗരസഭയിലെ എ.ഡി.എസ്., ബി.ഡി.എസ്. തെരഞ്ഞെടുപ്പ്

97 (3185) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നഗരസഭയിൽ എന്നാണ് അവസാനമായി എ.ഡി.എസ്., ബി.ഡി.എസ്. തെരഞ്ഞെടുപ്പ് നടത്തിയത്;

(ബി) ഇതിനുശേഷം തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) അടിയന്തിരമായി എ.ഡി.എസ്., ബി.ഡി.എസ്. തെരഞ്ഞെടുപ്പ് നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 30.12.97-ൽ

(ബി)&(സി) നഗരദരിദ്രനെ കണ്ടെത്തുന്നതിന് അവസാനമായി സർവേ നടത്തിയത് 1994-ൽ ആണ്. പഴയ സർവേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പല കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വന്നിട്ടുണ്ട്. അതുപോലെ ചില കുടുംബങ്ങൾ ഈ പരിധിയിൽ വന്നിട്ടുമില്ല. ആയതിനാൽ നഗരങ്ങളിലെ ദരിദ്രനെ കണ്ടെത്തുന്നതിനായി പുതിയ ബി.പി.എൽ. സർവേ നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ടി. സർവേയുടെ അടിസ്ഥാനത്തിൽ എൻ.എച്ച്.ജി, എ.ഡി.എസ്., ബി.ഡി.എസ്. എന്നിവ പുനഃസംഘടിപ്പിച്ചതിനു ശേഷം തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

നഗരസഭാ സെക്രട്ടറിമാരുടെ നിയമനം

98(3186) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭാ സെക്രട്ടറിമാരുടെ നിയമനം നടത്തുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്ത് ആകെ എത്ര നഗരസഭാ സെക്രട്ടറിമാരുടെ തസ്തികകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) മറ്റു വകുപ്പുകളിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ളവരെ ട്രാൻസ്ഫർ മുഖേന നഗരസഭാ സെക്രട്ടറിമാരായി നിയമിക്കുന്നത് പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന എഴുത്തുപരീക്ഷയും ഇന്റർവ്യൂവും മുഖേനയാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly